കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അരുവിക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1743/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം, തീയതി: 18.08.2017.

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അരുവിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: അരുവിക്കര ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

4) സ്പെയർ

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.6/1743/2017 തീയതി: 18.08.2017.

## തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 -ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.എസ്.ജമാലുദ്ദീൻ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 22.07.2017വരെ |

| | |
|---|---|
| | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.റ്റി.ഷിബു, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.തനൂജ.എം.എൻ., സീനി.ഗ്രേ.ഓഡിറ്റർ |
| | ശ്രീ.ലിപു എസ് ലോറൻസ്, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഐ.മിനി, മിനി ഭവൻ, കുതിരകുളം, കുതിരകുളം.പി.ഒ. | 01.04.2016മുതൽ 31.03.2017വരെ |
| സെക്രട്ടറി | എസ്.പ്രസന്നൻ, തംബുരു, താന്നിമൂട്, ഇരിഞ്ചയം.പി.ഒ., നെടുമങ്ങാട്. | 01.04.2016 മുതൽ 14.07.2016 FNവരെ |
| | എസ്.സുനിമോൾ, പ്രണവം, വാറുവിളാകം, ഏണിക്കര, കരകുളം.പി.ഒ. | 14.07.2016 FN മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ദീപ്തി.എൻ, TC-5/2630(4), മാലേയം, TTC Enclave, കവടിയാർ, കവടിയാർ.പി.ഒ. | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ശോഭ ചന്ദ്രൻ, വൃന്ദാവൻ ഗാർഡൻസ്, പട്ടം.പി.ഒ. | 01.04.2016മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.സഫീന ഇബ്രാഹിം, VKRA-1374, ജമീലാസ്, കുന്നവിള, കാട്ടായിക്കോണം ലെയിൻ, വട്ടിയൂർക്കാവ്, തിരുവനന്തപുരം-13 | 01.04.2016മുതൽ 31.12.2016വരെ |
| | ഡോ.ശ്രീജ.എസ്, ശ്രീനന്ദനം, VRN-A-15, ചട്ടമ്പിസ്വാമി റോഡ്, പൂജപ്പുര.പി.ഒ. | 01.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ദേവി.എൻ, ഓങ്കാർ, ചാക്ക, പേട്ട, തിരുവനന്തപുരം. | 01.04.2016മുതൽ 31.03.2017വരെ |
| വെറ്ററിനറി സർജൻ | ഡോ.മുംതാസ് ബീഗം.എ, റ്റി.സി-14/2099(2) ബേക്കർ ഹൗസ്, പാളയം, തിരുവനന്തപുരം. | 01.04.2016മുതൽ 31.03.2017വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ധനലക്ഷ്മി.കെ, റ്റി.സി.26/516, നിയർ സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. | 01.04.2016മുതൽ 31.03.2017വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | അരുൺകുമാർ.എസ്.ആർ, രാധികാമന്ദിരം, മതിൽമുക്ക്, കുടപ്പനക്കുന്ന്.പി.ഒ., ലക്ഷ്മി.എം.ആർ, ലക്ഷ്മി, | 01.04.2016മുതൽ 31.03.2017വരെ |

| | | |
|---|---|---|
| | VP/2/856, MPRA-65, മാത്തുവിളാകം, പേരൂർക്കട.പി.ഒ. | |
| കൃഷി ഓഫീസർ | ശ്രീമതി.ഷൈനി.റ്റി, ശാന്തിനികേതൻ, കഴക്കൂട്ടം.പി.ഒ. | 01.04.2016മുതൽ 31.03.2017വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-4 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 1-6 | |

| | | | |
|---|---|---|---|
| 7 | പദ്ധതി അവലോകനം. | 1-7 | |
| 8 | തനത് വരുമാനം. | 1-8 | |
| 9 | ക്ഷേമപദ്ധതികൾ | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം - 2 | | |
| 13 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്-പഞ്ചായത്തിന് നഷ്ടം | 2-1 | |
| 14 | സ്ഥാപന നികുതി ഈടാക്കാത്തതിൽ പഞ്ചായത്തിന് വരുമനം നഷ്ടം | 2-2 | |
| 15 | പാറക്വാറി, ക്രഷർ എന്നിവയ്ക്ക് ഡി &ഒ ലൈസൻസ് അനുവദിക്കുന്നതിൽ ക്രമക്കേട് | 2-3 | |

| | | | |
|---|---|---|---|
| | | | |
| 16 | ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്യുന്നില്ല – വരുമാനം നഷ്ടമാകുന്നു. | 2-4 | |
| 17 | പെട്രോൾ പമ്പിന് പെർമിറ്റ് നൽകിയതിൽ അപാകം | 2-5 | |
| 18 | ട്യൂട്ടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നില്ല | 2-6 | |
| 19 | പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണത്തിനായി നടപടികൾ സ്വീകരിക്കുന്നില്ല | 2-7 | |
| 20 | പട്ടികൾക്ക് ലൈസൻസ് നൽകുന്നതിൽ വീഴ്ച | 2-8 | |
| | ഭാഗം - 3 | | |
| 21 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല – 49810/-രൂപ തടസ്സം വയ്ക്കുന്നു. | 3-1 | |

| | | | |
|---|---|---|---|
| | | | |
| 22 | കാച്ചാണി, അരുവിക്കര മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - 15,00,000/-രൂപ നിഷ്ഫലമായി. | 3-2 | |
| 23 | ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കിയില്ല – 248771/-രൂപ തടസ്സം വെയ്ക്കുന്നു. | 3-3 | |
| 24 | വൗച്ചറുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത | 3-4 | |
| 25 | ജാഗ്രതാസമിതികൾ നിർജ്ജീവം | 3-5 | |
| 26 | അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം | 3-6 | |
| | ഭാഗം - 4 | | |
| 27 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |

| | | | |
|---|---|---|---|
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 169376938/-രൂപ വരവും 157981300/-രൂപ

ചെലവും 11395638/-രൂപ നീക്കിയിരിപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. 27.02.2017-ലെ 2-ാം നമ്പർ തീരുമാന പ്രകാരം 2016-17 ബജറ്റ് ഭേദഗതി വരുത്തിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 05.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 10.07.2017മുതൽ<br>22.07.2017 വരെ | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,68,76,811/- |
| വരവ് | 6,37,44,104/- |
| ആകെ | 8,06,20,915/- |
| ചെലവ് | 5,92,55,281/- |
| നീക്കിയിരിപ്പ് | 2,13,65,634/- |

# 1-5 ഫണ്ട് വിനിയോഗം

| ക്രമ നം. | ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 16911982 | 16911982 | 16911982 | 0 | 100 |
| 2 | വികസനഫണ്ട് (എസ്.സി.പി) | 0 | 2590989 | 2590989 | 2590989 | 0 | 100 |
| 3 | വികസനഫണ്ട് (ടി.എസ്.പി) | 0 | 29136 | 29136 | 29136 | 0 | 100 |
| 4 | 13-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ് (CFC) | 0 | 5898553 | 5898553 | 5898553 | 0 | 100 |
| 5 | പെർഫോമൻസ് ഗ്രാന്റ് (KLGSD) | 0 | 3681265 | 3681265 | 3681265 | 0 | 100 |
| 6 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3554127 | 3554127 | 3554127 | 0 | 100 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6504024 | 6504024 | 6504024 | 0 | 100 |
| 8 | എം.എൻ.ആർ.ഇ. ജി.എസ്. | 7458 | 45694006 | 45701464 | 45701125 | 339 | - |
| 9 | ജനറൽ പർപ്പസ് ഗ്രാന്റ് | 10190870 | 11137984 | 21328854 | 11984463 | 9344391 | - |
| 10 | ബി ഫണ്ട് | 0 | 52972445 | 52972445 | 52972445 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | തനതുഫണ്ട്/ അരുവിക്കര ഫാർ മേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് -420 | 6529208 | 9114530 | 15643738 | 5666733 | 9977005 | - |
| 12 | ഇന്ത്യൻ ബാങ്ക് SSA 108730 | 124318 | 10289 | 134607 | 230 | 134377 | - |
| 13 | അരുവിക്കര FSCB റിലീഫ് അക്കൗണ്ട് | 230 | 53410 | 53640 | 7000 | 46640 | - |
| 14 | Total Sanitation | 1456933 | 909000 | 2365933 | - | 2365933 | - |
| 15 | ഇന്ത്യൻ ബാങ്ക് NEFT 3865 | 0 | 2431946 | 2431946 | 593791 | 1838155 | - |
| 16 | ശുചിത്വമിഷൻ | 164185 | 200000 | 364185 | 56550 | 307635 | - |

## 1-6 വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിൽ ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത കണക്കാക്കാൻ കഴിയുന്നില്ല.
3. ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കാത്തതിനാൽ വീഴ്ചയുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. സ്റ്റോക്ക്/സ്റ്റോഴ്സ് മൂല്യാധിഷ്ഠിതമായി തയ്യാറാക്കിയ വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-7 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 77230986 | 98 | 41162217 | 5 | 56 | 53.29 |

## 1-8 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 1448082/-രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 1726998 | 1603940 | 237558 |
| കെട്ടിട നികുതി | 1936564 | 3278737 | 1342173 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 18100 | 18400 | 300 |
| ഷോപ്പിംഗ് കോംപ്ലക്സ് വാടക | 343638 | 315332 | -28306 |
| ഡി & ഒ ലൈസൻസ് | 91000 | 63195 | 27805 |

| | | | |
|---|---|---|---|
| മറ്റുവരവുകൾ | 640406 | 957784 | 317378 |
| ആകെ | 4674806 | 6122888 | 1448082 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1013880 | 141 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 380000 | 14 |
| കർഷകതൊഴിലാളി പെൻഷൻ | 4434650 | 9 |
| വിധവാപെൻഷൻ | 14989170 | 116 |
| വാർദ്ധക്യകാലപെൻഷൻ | 26690275 | 583 |
| വികലാംഗപെൻഷൻ | 4551050 | 41 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾകളുടെ പെൻഷൻ | 913420 | 2 |
| ആകെ | 52972445 | |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-07-2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12007/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്ത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികളിൽ വീഴ്ചയുണ്ട്.

ലൈസൻസുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ശ്രദ്ധയോടുകൂടി നിർവ്വഹിക്കേണ്ടതാണ്. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ചെലവ് രേഖകൾ കൃത്യതയോടെ പരിപാലിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3/2017 | 2016-17 | 10/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.04.2016 | 2014-15 | 25.04.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവ് - പഞ്ചായത്തിന് നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4 എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി അടയ്ക്കേണ്ടതുണ്ട്). അരുവിക്കര ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന CAT എന്ന സ്ഥാപനം 2016-17 സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിലെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടച്ചത് 21.03.2017-ന് ആണ്. പിഴപ്പലിശ ഉൾപ്പെടെ ഒന്നാം പാദത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടയ്ക്കാൻ A4/2017 കത്ത് പ്രകാരം 14.03.2017-ൽ സെക്രട്ടറി, അരുവിക്കര ഗ്രാമപഞ്ചായത്ത് CAT-ന്റെ പ്രിൻസിപ്പാളിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പിഴപ്പലിശ കൂടാതെയാണ് CAT തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ അടച്ചത്. ആയതിന്റ പിഴപ്പലിശ യഥാക്രമം 14733/-രൂപ (പതിനാലായിരത്തി എഴുനൂറ്റി മുപ്പത്തിമൂന്ന് രൂപ) 225/-രൂപ (ഇരുനൂറ്റി ഇരുപത്തി അഞ്ച് രൂപ) തുടങ്ങിയ തുകകൾ ഈടാക്കുന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.16, തീയതി. 20.07.2017-ന് പ്രസ്തുത തുകകൾ ഈടാക്കി ഓഡിറ്റിനെ

അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ആകെ 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ MGNREGS ജീവനക്കാർ (5 പേർ) 2016-17 -ൽ ഒന്നാം പാദത്തിൽ തൊഴിൽ നികുതി അടച്ചിട്ടില്ല. ആയത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.17, തീയതി. 20.07.2017-ന് പ്രസ്തുത തുകകൾ ഈടാക്കി ഓഡിറ്റിനെ അറിയിക്കുമെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഡ്രൈവർ, പാലിയേറ്റീവ് കെയർ ഡ്രൈവർ, TA തുടങ്ങിയവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല. ഇതു സംബന്ധിച്ച എൻക്വയറി നം.18 തീയതി. 20.07.2017-ന് പ്രസ്തുത തുകകൾ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-2 സ്ഥാപന നികുതി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് , 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. അരുവിക്കരയിൽ പ്രവർത്തിക്കുന്ന മുത്തൂറ്റ് 2016-17-ലെ രണ്ടാം അർദ്ധവർഷത്തിലും അഴീക്കോട് പ്രവർത്തിക്കുന്ന മുത്തൂറ്റ് 2016-17 ഇരു പാദങ്ങളിലും കോ-ഓപ്പറേറ്റീവ് കോളേജ് ഓഫ് നഴ്സിംഗ് 2016-17-ലെ ഒന്നാം അർദ്ധ വർഷത്തിലും കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് കോളേജ് 2016-17 ഇരു പാദങ്ങളിലും സ്ഥാപന നികുതി അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.20, തീയതി.21.07.2017-ന് പ്രസ്തുത തുകകൾ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-3 പാറക്വാറി, ക്രഷർ എന്നിവയ്ക്ക് ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ ക്രമക്കേട്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് പ്രകാരമാണ് പ്രവർത്തിക്കേണ്ടത്. എന്നാൽ ആവശ്യമായ അനുമതികളുടെയും സാക്ഷ്യപത്രങ്ങളുടെയും അഭാവത്തിലും പാറക്വാറി, ക്രഷർ എന്നിവയ്ക്ക് ക്രമവിരുദ്ധമായി ഡി & ഒ ലെസൻസ് അനുവദിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബ്ലൂ സ്റ്റാർ ഇൻഡസ്ട്രീസ്

ഈ സ്ഥാപനത്തിന് ഡി & ഒ ലൈസൻസ് അനുവദിച്ച 344/9, 344/9-37 എന്നീ സർവ്വേ നമ്പരുകളിൽ പാറക്വാറി നടത്താൻ മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയില്ല. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി 343/8-1-1-2, 343/8-1-1-1 എന്നിവയുടെ പാർട്ടുകൾക്ക് മാത്രമേയുള്ളൂ. എന്നാൽ ഇവയ്ക്ക് മുഴുവനായും ഡി & ഒ ലൈസൻസ് അനുവദിച്ചു.

ജി.സാന്റ്

മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉള്ളത് AP VI/238-ന്. എന്നാൽ ഡി & ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത് AP IV/238-നാണ്.

മെറ്റാറോക്ക് പ്രൈവറ്റ് ലിമിറ്റഡ്

കേരള സംസ്ഥാന പാരിസ്ഥിതികാഘാത അസ്സസ്സ്മെന്റ് അതോറിറ്റിയുടെ അനുമതിയില്ലാത്ത സർവ്വേ നം.343/19-ൽ പാറക്വാറി, ക്രഷർ എന്നിവയ്ക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചു.

ട്രാവൻകൂർ ബ്ലൂ മെറ്റൽ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്

സർവ്വേ നം.245/7, 241/3 എന്നിവയ്ക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയില്ല.

ഇലവുംമൂട്ടിൽ ഗ്രാനൈറ്റ്സ്

ഈ സ്ഥാപനത്തിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതിയില്ല.

പാറക്വാറി, ക്രഷർ എന്നിവയ്ക്ക് ആവശ്യമായ മൈനിംഗ് & ജിയോളജി വകുപ്പിന്റെ അനുമതി, പാരിസ്ഥികാനുമതി, മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, നിരാക്ഷേപ പത്രങ്ങൾ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പാക്കിയ ശേഷം ഡി & ഒ ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ ലേലം ചെയ്യുന്നില്ല – വരുമാനം നഷ്ടമാകുന്നു.

അരുവിക്കര ഗ്രാമപ്പഞ്ചായത്തിന് അരുവിക്കര, കാച്ചാണി എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ട്. ഇവ ലേലം ചെയ്യുന്നതിന് പകരം മുൻവർഷത്തേക്കാൾ 5% തുക കൂടി ഈടാക്കുന്ന പതിവാണ് കാണുന്നത്. ഇതുമൂലം പഞ്ചായത്തിന് വലിയ തോതിലുള്ള വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. ഉദാഹണമായി, കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സിലെ 5-ാം നമ്പർ കടമുറി 2016-17-ൽ ലേലം ചെയ്തപ്പോൾ അതിന്റെ മാസവാടക 2000/-രൂപ ആണ്. എന്നാൽ മറ്റ് കടമുറികളുടെ വാടക ₹363/-നും ₹834/-നും ഇടയിലാണ്.

കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സിന് പുറകിലായി സ്ഥിതിചെയ്യുന്ന 2015 സെപ്തംബർ 28-ന് ഉത്ഘാടനം നിർവ്വഹിക്കപ്പെട്ട മത്സ്യഭവൻ ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല. കാച്ചാണി ഷോപ്പിംഗ് കോംപ്ലക്സിലെ VII-ാം നമ്പർ കടമുറി, IX-ാം നമ്പർ കടമുറി, അരുവിക്കര ഷോപ്പിംഗ് കോംപ്ലക്സിലെ II-ാം നമ്പർ കടമുറി എന്നിവിടങ്ങളിൽ നിന്ന് പിഴപ്പലിശ ഇനത്തിൽ ഈടാക്കിയ തുകകളിൽ യഥാക്രമം, ₹227, ₹290, ₹ 60 എന്നീ തുകകൾ കുറവായിരുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.10 തീയതി 18.07.2017 അനുസരിച്ച് പ്രസ്തുത തുകകൾ അടവാക്കി രസീതുകൾ ഓഡിറ്റിനായി ഹാജരാക്കി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-5 <u>പെട്രോൾ പമ്പിന് - പെർമിറ്റ് നൽകിയതിൽ അപാകം</u>

ബിനു ഫ്യുവൽസ്, മുണ്ടേല എന്ന സ്ഥാപനത്തിന് പെർമിറ്റിനായി ശ്രീമതി.ബീന.എൽ. ആർ. 21.04.2016-ന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരിഗണിച്ച സെക്രട്ടറി, നിയമപരമായി പരിശോധന നടത്തി പമ്പ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് 7 അപാകതകൾ പരിഹരിക്കാൻ (28.05.2016-ന് എ9/3976/16) ആവശ്യപ്പെട്ടു. എന്നാൽ കളക്ടറേറ്റിൽ നിന്ന് 05.01.2016-ന് പുറപ്പെടുവിച്ച A17/51707/2013-നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിൽ, സെക്രട്ടറി ചൂണ്ടിക്കാണിച്ചിരുന്ന നാല് അപാകതകൾ പരിഹരിച്ചിട്ടില്ലെന്നും ആയത് പരിഹരിക്കണമെന്നും സെക്രട്ടറിയുടെ മേൽ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ അപാകതകൾ നിലനിന്നിരുന്ന പ്രസ്തുത സ്ഥാപനത്തിന് അവ പരഹരിക്കാതെ തന്നെ പെർമിറ്റ് കൊടുക്കാൻ (14.06.2016-ലെ തീരുമാനം - 5 പ്രകാരം) പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചു. അതനുസരിച്ച് A9/3976/16-തീയതി 15.06.2016 പ്രകാരം പ്രസ്തുത സ്ഥാപനത്തിന് സെക്രട്ടറി പെർമിറ്റ് കൊടുത്തു. ആയത് നിയമ വിരുദ്ധമാണ്.

## 2-6 <u>ട്യൂടോറിയൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നില്ല.</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 266-ാം വകുപ്പ്, 1999-ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഗ്രാമപ്പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യണം. ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് എൻക്വയറി നം.9, തീയതി 18.07.2017-ന് നൽകിയ മറിപടിയിൽ ഈ പഞ്ചായത്തിൽ ഒരു ട്യൂട്ടോറിയൽ കോളേജ് പ്രവർത്തിക്കുന്നുവെന്നും ആയതിന് രജിസ്ട്രേഷൻ ഇല്ല എന്നും രജിസ്ട്രേഷൻ എടുക്കുന്നതിന് കത്തയച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ ഇനത്തിൽ ലഭിക്കേണ്ട ഫീസ് ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-7 <u>പ്ലാസ്റ്റിക് സഞ്ചികളുടെ നിയന്ത്രണത്തിനായി നടപടികൾ സ്വീകരിക്കുന്നില്ല.</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 ഡബ്ല്യു(ബി) അനുസരിച്ച് 232-ാം വകുപ്പ് പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന ഒരു വ്യക്തി അയാളുടെ സ്ഥാപനത്തിലൂടെ പ്ലാസ്റ്റിക് സഞ്ചികളോ കവറുകളോ വിൽക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അങ്ങനെയുള്ള വിവരം അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഇതിനായി സാധാരണ ലൈസൻസ് ഫീസിന് പുറമേ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള കാലയളവിലേയ്ക്ക്, വിൽക്കാനുദ്ദേശിക്കുന്ന പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏകദേശ എണ്ണത്തിനോ, അളവിനോ അനുസരിച്ച് ഒരു നിശ്ചിത തുക അധിക ഫീസായി ഗ്രാമപ്പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ പ്രസ്തുത അധിക ഫീസ് ഈടാക്കി പ്ലാസ്റ്റിക് സഞ്ചികളും പ്ലാസ്റ്റിക് കവറുകളും നിയന്ത്രിക്കുകയോ പഞ്ചായത്തിന് ലഭിക്കുമായിരുന്ന അധിക വരുമാനം നേടിയെടുക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് 22.07.2017-ന് കൊടുത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.22-ന് നൽകിയ മറുപടിയിൽ 2017 ആഗസ്റ്റ് 1-ന് പ്ലാസ്റ്റിക് മാലിന്യ പരിപാലന ബൈലോ നിലവിൽ വരുന്ന മുറയ്ക്ക് ഇപ്രകാരം ഫീസ് ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

## 2-8 പട്ടികൾക്ക് ലൈസൻസ് നൽകുന്നതിൽ വീഴ്ച

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 254 (2) (ii) വകുപ്പും 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരവും ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പട്ടികളെയും പന്നികളെയും വളർത്താൻ ലൈസൻസ് നേടേണ്ടതുണ്ട്. ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.13, തീയതി. 19.07.2017-ന് നൽകിയ മറുപടിയിൽ ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ 1643 വളർത്തുനായ്ക്കളും 15 പന്നികളും ഉണ്ട് എന്നും അവയിൽ 42 പട്ടികൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കിയിട്ടുണ്ട്. വെറ്ററിനറി സർജൻ നൽകിയ വിവരം അനുസരിച്ച് 2016-17 ൽ ഈ പഞ്ചായത്ത് പരിധിയിൽ 683 നായ്ക്കൾക്ക് പേവിഷബാധക്കെതിരായ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്. 2016-17ൽ പേപ്പട്ടി ശല്യം കേരളത്തിൽ ക്രമാതീതമായി വർദ്ധിച്ചിരുന്നു. ഈ കാലയളവിൽ പഞ്ചായത്ത് പരിധിയിൽ ഉണ്ടായിരുന്നതിന്റെ 97.45% പട്ടികൾക്കും ലൈസൻസ് ഇല്ലാതിരുന്നു എന്നത് ഗൗരവമായി കാണേണ്ട സംഗതിയാണ്. ഈ വിഷയത്തിൽ അലംഭാവം വെടിഞ്ഞ് മുഴുവൻ വളർത്തുനായ്ക്കൾക്കും പന്നികൾക്കും ലൈസൻസ് അനുവദിച്ച് പൊതുജന സുരക്ഷ ഉറപ്പാക്കുകയും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയില്ല- 49810/-രൂപ തടസ്സം വയ്ക്കുന്നു.

പ്രോജക്ട് നമ്പർ : SO 89/17

അടങ്കൽ തുക : 1,00,000/-രൂപ

ചെലവ് തുക : 1,00,000/-രൂപ

ഫണ്ടിനം : പൊതുവിഭാഗം

ബിൽ നം. : 01/2016-17 തീയതി. 29.11.2016

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,

ഗവ.ഹോമിയോ ഡിസ്പെൻസറി

ടി പദ്ധതി പ്രകാരം ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങുന്നതിന് കേരള സംസ്ഥാന ഹോമിയോ പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി (HOMCO) എന്ന സ്ഥാപനത്തിന് താഴെപ്പറയുന്ന DD കൾ പ്രകാരം 1,00,000/-രൂപ കൈമാറിയിട്ടുണ്ട്.

1. ഡി.ഡി.നം. 436229 തീയതി. 29.11.16 : 30000/-രൂപ

2. ഡി.ഡി.നം. 436228 തീയതി. 29.11.16 : 30000/-രൂപ

3. ഡി.ഡി.നം. 436227 തീയതി. 29.11.16 : 40000/-രൂപ

ആകെ : 1,00,000/-രൂപ

എന്നാൽ നാളിതുവരെ 50190/- രൂപയുടെ മരുന്നുകൾ മാത്രമാണ് ടി സ്ഥാപനം ലഭ്യമാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 2 തീയതി. 11.07.2017) പലവട്ടം ബന്ധപ്പെട്ടിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്ന് മെഡിക്കൽ ഓഫീസറുടെ നമ്പർ 49/297/ജി.എച്ച്.ഡി.എ.കെ. തീയതി. 04.08.17 പ്രകാരം അറിയിച്ചു. ആയതിനാൽ 49810/- രൂപ തടസ്സം വയ്ക്കുന്നു. മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 3-2 കാച്ചാണി, അരുവിക്കര മാർക്കറ്റുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ - 15 ലക്ഷം രൂപ നിഷ്ഫലമായി

പ്രോജക്ട് നമ്പർ : 144/12

നിർവ്വഹണോദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ, അരുവിക്കര

അടങ്കൽ തുക : 22,52,750/-

ചെലവ് തുക : 15,00,000/-

ഫണ്ട് 1. ധനകാര്യ കമ്മീഷൻ അവാർഡ് തുക – 7,10,000

2. സംസ്ഥാനാവിഷ്കൃത ഫണ്ട് - 15,42,750

ആകെ - 22,52,750/-രൂപ

============

അരുവിക്കര ഗ്രാമപഞ്ചായത്തിലെ കാച്ചാണി, അരുവിക്കര എന്നിവിടങ്ങളിലെ മാർക്കറ്റുകളിൽ പരിസര ശുചീകരണം എന്ന ലക്ഷ്യത്തോടെ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 22,52,750/-രൂപ അടങ്കലിൽ ഏക വർഷ പ്രോജക്ടായി പദ്ധതി ആസൂത്രണം ചെയ്തു. പ്രതിദിനം 1000 കി.ഗ്രാം ശേഷിയുള്ള ഫിക്സഡ് ഡോം ടൈപ്പ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് വിഭാവനം ചെയ്തത്. പ്രസ്തുത പ്രവൃത്തിക്ക് ദർഘാസിലൂടെയും പുനർ ദർഘാസിലൂടെയും നിർവ്വഹണ ഏജൻസിയെ കണ്ടെത്താൻ സാധിക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം (21.03.2012-ലെ തീരുമാനം നമ്പർ 6(8) സോഷ്യൽ ആന്റ് എൻവയോൺമെന്റൽ സൊസൈറ്റി, കേരള (സെൻസ്) എന്ന ശുചിത്വമിഷൻ അംഗീകൃത ഏജൻസിയുമായി 27.03.2012-ൽ കരാർ ചമച്ച് പ്രവർത്തനം ആരംഭിച്ചു. എന്നാൽ സാങ്കേതികാനുമതിക്ക് വിരുദ്ധമായി ഫിക്സഡ് ഡോം ടൈപ്പിനു പകരം ഫ്ലോട്ടിങ് ഡോം ടൈപ്പ് പ്ലാന്റാണ് അസിസ്റ്റന്റ് എഞ്ചിനീയർ നിർമ്മിച്ചു തുടങ്ങിയത്. തൻവർഷം പദ്ധതി പൂർത്തീകരിക്കാൻ കഴിയാതിരുന്നതിനാൽ 2013-14 ൽ പുതിയ സാങ്കേതികാനുമതിക്ക് ശുചിത്വമിഷനെ സമീപിച്ചെങ്കിലും മുൻസാങ്കേതികാനുമതിയെ വ്യതിചലിച്ച് പ്രവൃത്തി ആരംഭിച്ചതിനാൽ സർക്കാരിന്റെ സാധൂകരണം ലഭ്യമാക്കാതെ പുതിയ സാങ്കേതികാനുമതി ലഭ്യമാക്കാൻ സാധ്യമല്ലെന്ന് ശുചിത്വമിഷൻ അറിയിച്ചു. എന്നാൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് 2012-13 കാലയളവിൽ 4,00,000/-രൂപയും 2013-14 കാലയളവിൽ 11,00,000/-രൂപയും നിർവ്വഹണ ഏജൻസിക്ക് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡി.ഡി.നമ്പരും തീയതിയും | തുക (രൂപ) |
|---|---|---|
| 1 | 43548/24.04.2012 | 4,00,000 |
| 2 | 440119/26.08.2013 | 6,00,000 |
| 3 | 38243/03.03.2014 | 5,00,000 |
| ആകെ | | 15,00,000 |

തുടർന്ന് സർക്കാർ ഉത്തരവ് നം.1140/2015 ത.സ്വ.ഭ.വ തീയതി. 17.04.2015 പ്രകാരം ഫ്ലോട്ടിങ് ടൈപ്പ് പ്ലാന്റ് നിർമ്മിച്ച പ്രവൃത്തിക്ക് സാധൂകരണം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷൻ 24.05.2015-ൽ റിവൈസ്ഡ് സാങ്കേതികാനുമതി

നൽകുകയുണ്ടായി. എന്നാൽ തുടർന്ന് പ്രവൃത്തി ചെയ്തതായി കണ്ടില്ല. ഇതുമായി ബന്ധപ്പെട്ട സ്ഥല പരിശോധനയിലും പ്രവൃത്തി പൂർത്തിയാക്കാത്തതായി കണ്ടു. തുടർന്ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് (എൽ.എസ്.ജി.ഡി) നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.30 തീയതി.22.07.2017) നൽകിയ മറുപടി പ്രകാരം 22.01.2017-ൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ SENS കേരള ഡയറക്ടർ (സർവ്വീസ് പ്രൊവൈഡർ) പ്രവൃത്തി പൂർത്തീകരിക്കാൻ സാധ്യമല്ല എന്നറിയിച്ചതായി അറിയിച്ചു. പദ്ധതി നടത്തിപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ (LSGD) ഭാഗത്ത് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചത്. പൊതുപണം നഷ്ടമാകുകയും പരിസര ശുചീകരണം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്തു. മാത്രവുമല്ല പൂർത്തീകരിക്കാൻ സാധിക്കാത്ത പ്ലാന്റ് പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാനിടയാകുകയും ചെയ്തു. മേൽ വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കിയില്ല - 2,48,771/- തടസ്സം വെയ്ക്കുന്നു.

2016-17 സാമ്പത്തിക വർഷം ആയുർവേദ മരുന്ന് വാങ്ങുന്നതിനായി രണ്ട് പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | അടങ്കൽ തുക | ചെലവ് തുക | ലഭ്യമായ മരുന്നിന്റെ വില | ലഭ്യമാക്കുവാൻ ബാക്കിയുള്ള മരുന്നിന്റെ വില | ബിൽ നം./തീയതി/ തുക |
|---|---|---|---|---|---|---|
| 1 | SO090/17 | 400000 | 400000 | 351229 | 48771/- | 1) 36/16-17 തീയതി 29.11.16, തുക.200000/-<br>2) 43/16-17 തീയതി.21.01.17 തുക. 200000/- |
| 2 | SO195/17 | 200000 | 200000 | മരുന്നുകൾ ഒന്നും ലഭിച്ചിട്ടില്ല | 200000/- | 48/16-17 തീ.22.02.17<br>തുക. 200000/- |
| | ആകെ | 600000 | 600000 | 351229 | 248771/- | |

മേൽ പട്ടികയിലെ രണ്ട് പദ്ധതിയിലേക്കുമായി 2016-17 സാമ്പത്തിക വർഷത്തിൽ 600000/-രൂപ ആയുർവ്വേദ മരുന്നുകൾ വാങ്ങുന്നതിനായി വകയിരുത്തുകയും ഔഷധിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 351229/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 2,48,771/-രൂപയുടെ മരുന്നുകൾ നാളിതുവരെ ഔഷധിയിൽ നിന്നും ലഭ്യമായിട്ടില്ല. അതിനാൽ 248771/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.12, 19.07.17-ന് നൽകിയിട്ടുണ്ട്. ഔഷധിയിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥയായ ആയുർവേദ മെഡിക്കൽ ഓഫീസറുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുണ്ടെന്ന് രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. ആരോഗ്യവും സേവനവും മെച്ചപ്പെടുത്തുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഇത്തരം പദ്ധതികൾ അവയുടെ ലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതും മോണിറ്ററിംങ് ശരിയായ രീതിയിൽ നിർവ്വഹിക്കേണ്ടതുമാണ്. 248771/-രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 വൗച്ചറുകൾ കൈകാര്യം ചെയ്യുന്നതിൽ അപാകത.

അക്കൗണ്ടന്റ് കൈകാര്യം ചെയ്ത വൗച്ചറുകളിൽ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു. ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.29 തീയതി. 22.07.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ ചുവടെ ചേർക്കുന്നു.

1) കൈപ്പറ്റ് രസീതില്ലാത്തവ

| | | | |
|---|---|---|---|
| a | ഏപ്രിൽ | വൗച്ചർ നം. 38 | ₹ 9,850/- |
| b | ,, | ,, 30 | ₹ 5,000/- |
| c | മെയ് | ,, 25 (a) | ₹ 9,800 |
| d | ജൂൺ | ,, 30 | ₹ 8969/- |
| e | ,, | ,, 63 | ₹ 800/- |

| | | | |
|---|---|---|---|
| f | ,, | ,, 64 | ₹ 200/- |

2. ലേറ്റ് ഫി അടച്ചവ

| | | | |
|---|---|---|---|
| a | ഏപ്രിൽ | വൗച്ചർ നം. 41 | ₹ 10/- |
| b | ,, | ,, 44 | ₹ 368.90 |
| c | ,, | ,, 49 | ₹ 12.60 + 12.60 |
| d | മെയ് | ,, 40 | ₹ 10/- |
| e | ജൂൺ | ,, 57 | ₹ 12.60 |
| f | ,, | ,, 70 | ₹ 10/- |
| g | ,, | ,, 71 | ₹ 10/- |

3. ട്രിപ്പ് ഷീറ്റ് ഇല്ലാത്തവ

| | | | |
|---|---|---|---|
| a | ഏപ്രിൽ | വൗച്ചർ നം. 51 | ₹ 1500/- |
| b | മെയ് | ,, 51 | ₹ 800/- |

4. ഏപ്രിലിലെ വൗച്ചർ നം.52 പ്രകാരം നായയെ മറവു ചെയ്തതിന് 600/-രൂപ കൊടുത്തിരിക്കുന്നത് ശ്രീ.തങ്കരാജിന് ആണ്. എന്നാൽ പ്രസ്തുത തുക കൈപ്പറ്റിയിരിക്കുന്നത് ശ്രീ.സുരേന്ദ്രനാണ്.

5. ജൂൺമാസത്തെ വൗച്ചർ നം.73 പ്രകാരം അടഞ്ഞുകിടന്ന കടമുറിക്ക് 474/-രൂപ കറന്റ് ചാർജ് അടച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-5 ജാഗ്രതാ സമിതികൾ നിർജ്ജീവം

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164 എ(5) വകുപ്പ് പ്രകാരം വാർഡുതല ജാഗ്രതാ സമിതിയുടെയും ഗ്രാമപ്പഞ്ചായത്തുതല ജാഗ്രതാസമിതിയുടെ യോഗങ്ങൾ എല്ലാ മാസവും കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതും രണ്ട് യോഗങ്ങൾ തമ്മിലുള്ള ഇടവേള 30 ദിവസത്തിൽ കവിയാൻ പാടില്ലാത്തതുമാണ്. ഇത് സംബാന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.11, തീയതി. 19.07.2017-ന് ലഭിച്ച മറുപടിയിൽ 23.07.2016, 05.12.2016 എന്നീ തീയതികളിൽ രണ്ട് ഗ്രാമപ്പഞ്ചായത്തുതല യോഗങ്ങൾ നടന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വാർഡുതല ജാഗ്രതാസമിതിയുടെ യോഗങ്ങൾ ഒന്നും തന്നെ നടന്നതായി മറുപടിയിൽ പ്രതിപാദിച്ചിട്ടില്ല. 12 ഗ്രാമപ്പഞ്ചായത്തുതല യോഗങ്ങൾ നടക്കേണ്ടിയിരുന്നിടത്ത് രണ്ട് എണ്ണമേ നടന്നുള്ളൂ എന്നതും വാർഡുതല യോഗങ്ങൾ നടന്നിട്ടില്ല എന്നതും അതീവ ഗുരുതരമായ വീഴ്ചയാണ്. നിയമം അനുശാസിക്കുംപടി ജാഗ്രതാസമിതി യോഗങ്ങൾ സംഘടിപ്പിക്കുവാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-6 അങ്കണവാടികളിലെ സൗകര്യങ്ങൾ അപര്യാപ്തം

അരുവിക്കര ഗ്രാമപ്പഞ്ചായത്തിലെ നിരവധി അങ്കണവാടികളിൽ വിവിധ സൗകര്യങ്ങളുടെ കുറവുണ്ട്. ഈ അപര്യാപ്തതകൾ ചുവടെ ചേർക്കുന്നു.

a) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തവ.

1) പാലക്കുഴി

2) ചാണിച്ചൽകടവ്

3) മന്ദനംകോട്

4) പുലച്ച

5) വെള്ളൂർക്കോണം

b) വൈദ്യുതി ഇല്ലാത്തവ

1) കറുങ്ങോട്

2) പാതിരിയോട്

c) ജലലഭ്യത ഇല്ലാത്തവ

1) പൊട്ടച്ചിറ

2) കൊക്കോതമംഗലം

3) പഴനിലം

d) ചുറ്റുമതിൽ ഇല്ലാത്തവ

1) പാതിരിയോട്

2) നെട്ടറച്ചിറ

e) A.E-യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാത്തവ

1) മൈലം

പൊട്ടച്ചിറ അങ്കണവാടി നിർമ്മിച്ചത് 2006-ൽ ആണ്. അന്ന് കുഴൽക്കിണർ കുഴിക്കുകയും മോട്ടോർ സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ വൈദ്യുതി ലഭ്യമായത് ഒൻപത് വർഷങ്ങൾക്ക് ശേഷമാണ്. ഇതിനെത്തുടർന്നാണ് പ്രസ്തുത മോട്ടോർ ശേഷി കുറഞ്ഞതാണെന്ന് തിരിച്ചറിയുന്നത്. ഈ കെട്ടിടത്തിൽ പിന്നീട് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെങ്കിലും ജലക്ഷാമം പരിഹരിക്കാൻ ഇതുവരെയും പരിശ്രമിച്ചിട്ടില്ല. ഇത് സംബന്ധിച്ച് കൊടുത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14 തീയതി. 19.07.2017-ന് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. കുടിവെള്ളം ലഭ്യമാക്കാനായി പതിനൊന്ന് വർഷമായും നടപടികൾ സ്വീകരിക്കാത്തത് കാലാകാലങ്ങളായുള്ള പഞ്ചായത്ത് കമ്മിറ്റികളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും വീഴ്ചയാണ് ഇത്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ആകെ | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | ജിയോ ഇൻഫർമാറ്റിക് സർവ്വേ | 311344 | 160000 | 471344 | 471344 |
| 2 | പാലിയേറ്റീവ് കെയർ | 240800 | 100000 | 340800 | 289565 |
| 3 | ശാരീരിക മാനസിക | 300000 | 100000 | 400000 | 400000 |

| | | | | | |
|---|---|---|---|---|---|
| | വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി യുടെ പേര് | പ്രവർത്തി യുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| 1 | കെ.ഡബ്ല്യു. എ, അരുവിക്കര | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നം.436448 തീയതി. 15.02.2017, 436598 തീയതി.20.03.2017 | 1722000, 428000 | - | - |
| 2 | കെ.എസ്. ഇ.ബി, വെള്ളനാട് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നം.436447 തീയതി. 15.02.2017 | 1096850 | - | - |
| 3 | കെ.എസ്. ഇ.ബി, വട്ടിയൂർക്കാവ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നം.436628 തീയതി. 29.03.2017 ഡി.ഡി.നം.436653 തീയതി.19.04.2017 | 385719, 138145 | - | - |
| 4 | കെ.എസ്. ഇ.ബി, നെടുമങ്ങാട് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നം.436446 തീയതി.15.02.2017 | 200000 | - | - |
| 5 | കെ.എസ്. ഇ.ബി, ഉഴമലയ്ക്കൽ | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | ഡി.ഡി.നം.436597 തീയതി. 20.03.2017 | 157200, 41800 | - | - |

| | | | | | | |
|---|---|---|---|---|---|---|
| | | | ഡി.ഡി.നം.436639 തീയതി.31.03.2017 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സഉ (സാ)നം 273/2010 /തസ്വഭവ. 27.01.2010 | 4852283 | 1570650 | - | 3281633 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2012-13 | 3-8 | 2014-15 | 3-3 | സർക്കാർ സ്കൂളിൽ ഫർണിച്ചർ വിതരണം | പരിഹരിച്ചു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63744104 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 59255281 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 298581 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നവ ബി-യിലേയും സി-യിലേയും തുകയാണ്)

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 49810/- | ഡോ.ശോഭാ ചന്ദ്രൻ, ഹോമിയോ മെഡിക്കൽ |

| | | |
|---|---|---|
| 3-3 | 248771/- | ഡോ.ശ്രീജാ.എസ്., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ആകെ | 298581/- | |

*ഓഡിറ്റിൽ നിരാകരിക്കുന്ന തുക*

ഇല്ല

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

1. ഖണ്ഡിക 2-3

2. ഖണ്ഡിക 2-5

(ഇ) *റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടോത്തരവാദികളുടെ സ്ഥിരം മേൽവിലാസങ്ങൾ*

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1999-2000 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/140/03 തീയതി 01.07.2014/ 30.09.2014 | 5 | |

| | | | |
|---|---|---|---|
| | | | |
| 2000-01 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/154/03 തീയതി 01.07.2014/ 30.09.2014 | 1 | |
| 2001-02 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/1143/03 തീയതി 01.07.2014 | 4 | |
| 2003-04 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/43/07 തീയതി 01.07.2014 | 9 | |
| 2004-05 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/261/08 തീയതി 01.07.2014 | 2 | |
| 2005-06 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/262/08 തീയതി 01.07.2014 | 2 | |
| 2006-07 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/1918/08 തീയതി 01.07.2014 | 7 | |
| 2007-08 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/218/09 തീയതി 01.07.2014 | 5 | |
| 2008-09 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/2456/11 തീയതി 01.07.2014 | 3 | |
| 2009-10 | നം.എൽ.എഫ്.റ്റി.ഡി.ജി.പി- | 7 | |

| | | | |
|---|---|---|---|
| | 6/2457/11 തീയതി 01.07.2014 | | |
| 2010-11& 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/481/12 തീയതി 21.10.2014/11.11.2014 | 11 | |
| 2012-13 | നം.എൽ.എഫ്.റ്റി.ഡി.ജി.പി-6/28/15 തീയതി 26.03.2015 | 19 | |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം./ജി.പി-6/909/15 തീയതി.18.09.2015 | 19 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്.

അനുബന്ധം-1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ അരുവിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2003 ജൂൺ 12-ലെ നമ്പർ 319/2003 ധന/തീയതി

12.06.2003 ഉത്തരവും അനുസരിച്ചാണ്.

<u>ന്യൂനതകളുടെ സംഗ്രഹം</u>

1. ഡെപ്പോസിറ്റ് രജിസ്റ്റർ 2016-17-ൽ കാലികമാക്കാതെ സൂക്ഷിച്ചിരിക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക ധനകാര്യ പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. സചിത്ര സോഫ്റ്റ്‌വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
3. സചിത്ര സോഫ്റ്റ്‌വെയർ കാലികമാക്കാത്തതിനാൽ ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ചിരിക്കുന്ന സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത കണക്കാക്കാൻ കഴിയില്ല.

ഒപ്പ്

ഡെപ്യൂട്ടി

ഡയറക്ടർ,

സംസ്ഥാന

ഓഡിറ്റ് വകുപ്പ്.